**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1916** **11-10-2024 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിലെ ഇ.എം.എസ്. സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം (മെഡിക്കൽ കോളേജ്) എന്നീ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | അമ്പലപ്പുഴ മണ്ഡലത്തിലെ, ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br>1) ഇ. എം. എസ്. സ്റ്റേഡിയം (കിഫ്ബി പദ്ധതി)<br>2) അമ്പലപ്പുഴ റ്റി. ഡി. മെഡിക്കൽ കോളേജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം (കിഫ്ബി പദ്ധതി) |
| (ബി) | പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | അമ്പലപ്പുഴ മണ്ഡലത്തിലെ, ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br>1) ഇ. എം. എസ്. സ്റ്റേഡിയം (കിഫ്ബി പദ്ധതി)<br>2) അമ്പലപ്പുഴ റ്റി. ഡി. മെഡിക്കൽ കോളേജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം (കിഫ്ബി പദ്ധതി) |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## അമ്പലപ്പുഴ മണ്ഡലത്തിലെ നിർമ്മാണ പദ്ധതികൾ

**1. ഇ. എം. എസ്. സ്റ്റേഡിയം (കിഫ്ബി പദ്ധതി)**

ഈ പദ്ധതി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ M/s..കിറ്റ്കോ ആണ് നടപ്പാക്കുന്നത്. ആലപ്പുഴ ഈ. എം. എസ് സ്റ്റേഡിയത്തിൻറെ രണ്ടാം ഘട്ട നിർമ്മാണത്തിനായി 14.14 കോടി രൂപയ്ക്ക് 15.05.2017-ലെ സ. ഉ.(സാധാ) നം: 95/2017/കായുവ പ്രകാരം ഭരണാനുമതി നല്കിയിരുന്നു. തുടർന്ന് 8.62 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്.

പദ്ധതിയുടെ സിന്തറ്റിക് ട്രാക്ക് ഒഴികെ നാച്ചാറൽ ഫുഡ്ബോൾ ഗ്രൗണ്ട്, ലാൻറ് ഡെവലപ്പ്മെൻറ് പ്രവൃത്തികൾ, ചെയിൻലിങ്ക് ഫെൻസിംഗ്, ഓപ്പൺ വെൽ, വാട്ടർ സ്പ്ലൈ & സാനിറ്ററി പ്രവൃത്തികൾ, സമ്പ് & പമ്പ് റൂം, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങൾക്ക് M/s.. കിറ്റ്കോ ടെണ്ടർ ചെയ്യുകയും, പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. 35% പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട് എന്നാണ് എസ്. പി. വി. യായ M/s. കിറ്റ്കോ അറിയിച്ചിട്ടുള്ളത്.

ടി പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തിയായ സിന്തറ്റിക് ട്രാക്കിന് M/s. കിറ്റ്കോ ടെൻഡർ ക്ഷണിക്കുകയും ലഭിച്ച ടെൻഡറിന്റെ പകർപ്പ് ടെൻഡർ അക്സപ്റ്റൻസ് കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 20.01.2024, 06.03.2024 എന്നീ തീയതികളിൽ കൂടിയ ടെൻഡർ അക്സപ്റ്റൻസ് കമ്മറ്റിയിൽ ബഹു. കായിക വകുപ്പ് സെക്രട്ടറി, പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ ഡോക്യുമെൻറുകളുടെ ഒറിജിനൽ സൂക്ഷമ പരിശോധനയ്ക്കായി സമർപ്പിക്കുവാൻ നിർദ്ദേശം നല്കയിരുന്നു. എന്നാൽ എറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച ബിഡ്ഡറിൻറെ ഒറിജിനൽ ടെൻഡർ ഡോക്യുമെൻറ്സും ശേഷിക്കുന്ന ബിഡ്ഡറുകളുടെ ടെൻഡർ ഡോക്യുമെൻറ്സിൻറെ പകർപ്പുമാണ് M/s. കിറ്റ്കോ സമർപ്പിച്ചത്. പകർപ്പുകൾ സൂക്ഷമ പരിശോധന നടത്തുകയും, ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 20.05.2024-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിളിച്ചു ചേർത്ത മീറ്റിംഗിൽ പ്രസ്തുത പദ്ധതി റീ ടെൻഡർ ചെയ്യാനും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

09.07.2024-ൽ ബഹു. കായിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അമ്പലപ്പുഴ എൽ. എ. സി. യിലെ കായിക നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിലും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കരാറുകാരനെ നിശ്ചയിക്കുന്നതിനോ അല്ലെങ്കിൽ കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പ്രവൃത്തി റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടകൾ അടിയന്തരമായി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിനു ശേഷം 16.08.2024-ൽ കൂടിയ 7-ാമത് ടെൻഡർ അക്സപ്റ്റൻസ് കമ്മറ്റിയിലും M/s.കിറ്റ്കോ 30.05.2024-ൽ സമർപ്പിച്ച റിപ്പോർട്ടിൻ പ്രകാരം ആവശ്യമുള്ള ഡോക്യുമെൻറുകൾ സമർപ്പിച്ചിരുന്നില്ല. ആയതിനാൽ

05.09.2024-ൽ ഇക്കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട്, ടെൻഡറുമായി ബന്ധപ്പെട്ട് റിപ്പോർട്ടിൽ ആവശ്യപ്പെട്ട ഡോക്യുമെൻറുകൾ അടുത്ത ടെൻഡർ അക്സപ്റ്റൻസ് കമ്മറ്റിയിൽ സമർപ്പിക്കണമെന്ന് M/s.കിറ്റ്കോയ്ക്ക് കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നു. 06.09.2024-ലെ കത്തു മുഖേന, ടി പദ്ധതി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള കിഫ്ബിയുടെ നിർദ്ദേശത്തിനനുസരിച്ചല്ലാതെ ടെണ്ടർ നടപടികൾ തുടരുന്നതിലെ നിയമസാധുത സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുവാൻ കായികയുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

## 2. അമ്പലപ്പുഴ റ്റി. ഡി. മെഡിക്കൽ കോളേജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം (കിഫ്ബി പദ്ധതി)

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ റ്റി ഡി മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 10.01.2024-ലെ സ. ഉ..(സാധാ) നം:.8/2024/കായുവ പ്രകാരം 6 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ടി പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

ഗ്രൗണ്ട് ഡെവലപ്മെൻറ് പ്രവൃത്തി, ഇൻഡോർ, സമ്പ്, ഓവർ ഹെഡ് ടാങ്ക്, ഇലക്ട്രിക് വർക്കസ്, ഫയർ വർക്ക്സ് എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ. കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിൻറെ ഭാഗമായി പ്രസ്തുത പ്രവൃത്തിയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവൃത്തികൾ പൂർത്തികരിച്ചു.

സ്ട്രക്ച്ചറൽ പ്രവൃത്തിയ്ക്ക് 23.05.2024 സാങ്കേതികാനുമതി നല്കി 07.03.2024-ന് ക്വോട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അബ്സലൂട്ട് സിവിൽ എഞ്ചിനീയറിംഗ് സൊല്യൂഷൻസ് എൽ എൽ പി എന്ന സ്ഥാപനത്തിന് 30.05.2024-ന് വർക്ക് ഓർഡർ നല്കി. നിലവിൽ സ്ട്രക്ച്ചറൽ ഡിസൈൻ പ്രവൃത്തികൾ നടന്നു വരുന്നു.

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തിയായതിനു ശേഷം എസ്റ്റിമേറ്റിൽ വേണ്ട മാറ്റങ്ങൾ വരുത്തി ഡി. പി. ആർ. തയ്യാറാക്കി കിഫ്ബിയ്ക്ക് രണ്ടാഴ്ച്ചയ്ക്കകം സമർപ്പിക്കുന്നതാണ്.

പ്രസ്തുത പദ്ധതിയുടെ ധാരണാപത്രം 26.03.2024-ന് റ്റി.ഡി. മെഡിക്കൽ കോളേജ് അധികൃതർക്ക് അയച്ചു കൊടുത്തിരുന്നെങ്കിലും അസ്സൽ ധാരണാപത്രം ഒപ്പ് വച്ച് ലഭ്യമായിട്ടില്ല.

Jayasree P Pillai

**സെക്ഷൻ ഓഫീസർ**